# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3845 — 19.03.2018- ൽ മറുപടിക്ക്

## ഹയർസെക്കന്ററി സ്കൂളുകളിലെ ലൈബ്രേറിയൻ തസ്തിക

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എൽദോസ്.പി.കുന്നപ്പിള്ളിൽ | | പ്രൊഫ. സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഹയർസെക്കന്ററി സ്കൂളുകളിലെ ലൈബ്രേറിയൻ തസ്തിക അധിക തസ്തികയാണോ അതോ പ്രീഡിഗ്രി ബോർഡ് ഡീലിങ് ചെയ്തു പ്ലസ്ടു അനുവദിച്ചപ്പോൾ ഉള്ള തസ്തികയാണോ എന്നറിയിക്കുമോ; | (എ) | സംസ്ഥാനത്ത് ഹയർസെക്കന്ററി സ്കൂളുകളിൽ ലൈബ്രേറിയൻ തസ്തിക സർക്കാർ സൃഷ്ടിച്ചിട്ടില്ല |
| (ബി) ബഹു. ഹൈക്കോടതി ഉത്തരവിനെ തുടർന്ന് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ജി.ഒ. (എം.എസ്) 220/2015 തീയതി 17/08/2015 പ്രകാരം ഹയർ സെക്കന്ററി സ്കൂളുകളിൽ ലൈബ്രേറിയൻ തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടി എന്തായി എന്നറിയിക്കുമോ; വിശദാംശം നൽകുമോ; | (ബി) | ബഹുമാനപ്പെട്ട ഹൈക്കോടതി മുൻപാകെ ശ്രീ.ശ്യാംകുമാർ മുതൽ പേർ ഫയൽ ചെയ്ത WP(C) No.29618/2005, 5835/2013, 7385/2013, 7881/2013 നമ്പർ കേസുകളി ലെ 5.9.2013 തീയതിയിലെ പൊതുവിധിന്യായം നടപ്പിലാക്കിക്കൊണ്ട് ഹയർ സെക്കൻഡറി സ്കൂളുകളിൽ ലോവർ ഡിവിഷൻ ക്ലാർക്ക്, പാർട്ട് /ഫുൾ ടൈം മീനിയൽ, ലൈബ്രേറിയൻഗ്രേഡ്-4 എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതിന് 17.8.2015 തീയതിയിലെ ജി.ഒ(എം.എസ്)നം. 220/2015 /പൊ.വി.വ പ്രകാരം ഒരു സ്കീം തയ്യാറാക്കി ഉത്തരവായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ച് വരുന്നു. |

| | | | |
|---|---|---|---|
| (സി) | ബഹു. ഹൈക്കോടതി WP (C) 39919 of 2017 തീയതി 20/12/2017 നൽകിയ ഉത്തരവ് പ്രകാരം പുതിയതായി അനുവദിച്ച സ്കൂളുകളിലും ലൈബ്രേറിയൻ തസ്തിക സൃഷ്ടിക്കുന്നതിന് ഉത്തരവായിട്ടുണ്ടോ എന്ന് അറിയിക്കുമോ; ഇത് സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ; വിശദാംശം നൽകുമോ? | (സി) | ലൈബ്രേറിയൻ തസ്തിക സൃഷ്ടിച്ച് ഉത്തരവായിട്ടില്ല. |

സെക്ഷൻ ഓഫീസർ